# സദ്വർത്തമാന കഥാപുസ്തകം

## ആറ്



ഇതെന്റെ സദ്വർത്തമാന കഥാപുസ്തകം ആറ്

എന്റെ പേര്

---

ആറാമത്തെ സദ്വർത്തമാന കഥാപുസ്തകം

എനിക്ക് വായിക്കുവാൻ സാധിക്കും

സൃഷ്ടാവാം ദൈവത്തിന്റെ വിശുദ്ധ പുസ്തകത്തിൽ നിന്നുള്ളതാണ് ഈ കഥകൾ.

ഇതിലുള്ള എല്ലാ ചിത്രങ്ങളും വരച്ചത് ഭാരതത്തിലെ ഗോത്ര വർഗ്ഗത്തിലുള്ള കുട്ടികളാണ്. സദ്വർത്തമാന കഥാപുസ്തകം ആറ്. പകർപ്പവകാശം 2013. ഭാരതത്തിൽ അച്ചടിച്ചത്. അന്വേഷണങ്ങൾ അയക്കേണ്ട വിലാസം:
WBTC India, P.O. Box 8478, Bangalore 560084. Email: info@wbtcindia.com






യേശു സുഖപ്പെടുത്തുന്നു..........................2-15

ഞാൻ സ്തന്ത്രനായി..........................16-21

യേശു രക്ഷിക്കുന്നു................................22-34

യേശു ജീവിക്കുന്നു................................36-40

# യേശു സുഖപ്പെടുത്തുന്നു

മറ്റൊരു ദിവസം, മറ്റൊരു സമയം,
മറ്റൊരു സ്ഥ ലം.

ഒരു കൊച്ചു പെൺകുട്ടിയെ ഞാൻ
കാണുന്നു.

ആ കൊച്ചു പെൺകുട്ടിയ്ക്ക്
പന്ത്രണ്ടു വയസുണ്ട്.

ആ കൊച്ചു പെൺകുട്ടി വളരെ,
വളരെ, വളരെ രോഗിണിയാണ്.

ആ കൊച്ചു പെൺകുട്ടി മരിക്കാറായി!







ആ കൊച്ചു പെൺകുട്ടിയ്ക്ക് ഒരു
പിതാവുണ്ട്.

അദ്ദേഹത്തിന്റെ പേര് യായിറോസ്.

യായിറോസ് പട്ടണത്തിലേക്കു
പോകുന്നത് ഞാൻ കാണുന്നു.

വേഗമാകട്ടെ...വേഗമാകട്ടെ...
വേഗമാകട്ടെ...നിങ്ങളുടെ കൊച്ചു
പെൺകുട്ടി മരിക്കാറായി!

യായിറോസ് യേശുവിന്റെ പാദത്തിൽ
വീഴുന്നത് ഞാൻ കാണുന്നു.

യായിറോസ് യേശുവിനോടു
പറയുന്നത് ഞാൻ കേൾക്കുന്നു,

'ദയവു ചെയ്ത് എന്റെ വീട്ടിലേക്കു
വരുക. എന്റെ കൊച്ചു പെൺകുട്ടി
മരിക്കാറായി.

അവളെ തോടൂ, അവൾ
സുഖം പ്രാപിക്കും.

അവളെ തോടൂ, അവൾ ജീവിക്കും.'








യേശുവും യായിറോസുംകൂടി
യായിറോസിന്റെ വീട്ടിലേക്കു
പോകുന്നത് ഞാൻ കാണുന്നു.

സ്രഷ്ടാവാം ദൈവം വരുന്നു...
കാത്തിരിക്കു കൊച്ചു പെൺകുട്ടി.

ഇപ്പോൾ ഒരു സ്ത്രീയെ
ഞാൻ കാണുന്നു.

അവൾക്ക് രോഗം വളരെ കൂടുതലാണ്.
അവൾ പുറംജാതിക്കാരത്തിയാണ്.

രോഗിണിയായ ആ സ്ത്രീ
അവളോടുതന്നെ പറയുന്നത്
ഞാൻ കേൾക്കുന്നു,

'എനിക്ക് യേശുവിനെ തൊടുവാൻ
കഴിഞ്ഞാൽ ഞാൻ സുഖമാകും.'







അപ്പോൾ അതു സംഭവിച്ചു...


വളരെ രോഗിണിയായ ആ സ്ത്രീ
യേശുവിനെ തൊട്ടു!

നടന്നുകൊണ്ടിരുന്ന യേശു
നിൽക്കുന്നതു ഞാൻ കാണുന്നു.

യേശു പറയുന്നത് ഞാൻ കേൾക്കുന്നു,
'എന്നെ തൊട്ടത് ആരാണ്?'







വളരെ ജനങ്ങൾ കേൾക്കുന്നു...
കേൾക്കുന്നു... കേൾക്കുന്നു...

വളരെ രോഗിണിയായിരുന്ന ആ
സ്ത്രീ പറയുന്നത് ഞാൻ കേൾക്കുന്നു,

‘യേശു ഒന്നു തൊട്ടപ്പോൾ
എനിക്കു സുഖമായി!’





കാത്തിരിക്കൂ കൊച്ചു പെൺകുട്ടീ,
സ്രഷ്ടാവാം ദൈവം വരുന്നു...

അപ്പോൾ അതു സംഭവിച്ചു...





ഒരു മനുഷ്യൻ യായിറോസിനോടു
പറയുന്നതു ഞാൻ കേൾക്കുന്നു,
'നിന്റെ കൊച്ചു പെൺകുട്ടി
മരിച്ചുപോയി!'

യായിറോസിനോടു യേശു
പറയുന്നതു ഞാൻ കേൾക്കുന്നു,

'വിഷമിക്കേണ്ട, ഞാൻ യേശുവാണ്.

നിന്റെ കൊച്ചു പെൺകുട്ടി ജീവിക്കും!'

യായിറോസിന്റെ വീട്ടിലേക്ക് യേശുവും
യായിറോസുംകൂടി പോകുന്നത്
ഞാൻ കാണുന്നു.

മരിച്ചുപോയ കൊച്ചു പെൺകുട്ടിയോട്
യേശു പറയുന്നത് ഞാൻ കേൾക്കുന്നു,

'കൊച്ചു പെൺകുട്ടീ, എഴുന്നേൽക്കൂ!'

കൊച്ചു പെൺകുട്ടി
എഴുന്നേൽക്കുന്നതു ഞാൻ കാണുന്നു!

ആ കൊച്ചു പെൺകുട്ടി ജീവിക്കുന്നു!







യേശു നിത്യ ജീവനാണ്
എന്നും എന്നേയ്ക്കും.

ഇരുട്ടിനെ പുറത്താക്കുവാനുള്ള
ശക്തി യേശുവിനുമാത്രമേയുള്ളൂ.

സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!

# ഞാൻ സ്വതന്ത്രനായി

മറ്റൊരു ദിവസം, മറ്റൊരു സമം,
മറ്റൊരു സ്ഥ ലം.

യേശു ശിഷ്യന്മാരുമായി നദിയുടെ
മറുവശത്തേയ്ക്കു പോകുന്നത്
ഞാൻ കാണുന്നു.

പന്നിക്കൂട്ടങ്ങൾ നദിക്കരികെ
നിൽക്കുന്നതു ഞാൻ കാണുന്നു.







ഒരു മനുഷ്യനെ ഞാൻ കാണുന്നു.

ആ മനുഷ്യനിൽ അനേക
ദുരാത്മാക്കളുണ്ട്.

ആ മനുഷ്യനിലുള്ള അനേക
ദുരാത്മാക്കളോട് യേശു
പറയുന്നത് ഞാൻ കേൾക്കുന്നു,

‘ഈ മനുഷ്യനിൽ നിന്ന്
പുറത്തുവന്നിട്ട് നദിക്കരികെ
നിൽക്കുന്ന പന്നിക്കൂട്ടത്തിലേക്കു
പോകൂ.’

ആ മനുഷ്യനിൽ നിന്ന് അനേക
ദുരാത്മാക്കൾ പുറത്തുവന്നിട്ട്
നദിക്കരികെ നിൽക്കുന്ന
പന്നിക്കൂട്ടത്തിലേക്കു പോകുന്നതു
ഞാൻ കാണുന്നു.

പന്നിക്കൂട്ടങ്ങൾ നദിയിലേക്ക്
ഓടുന്നത് ഞാൻ കാണുന്നു.

പന്നിക്കൂട്ടങ്ങൾ ചത്തുപോയി.







ആ മനുഷ്യൻ യേശുവിനു പാടുന്ന
ഞാൻ കേൾക്കുന്നു.

യേശു ആ മനുഷ്യനോടു പറയുന്നത്
ഞാൻ കേൾക്കുന്നു,

'സൃഷ്ടാവാം ദൈവം നിനക്ക് എന്തു
ചെയ്തുവെന്ന് പോയി എല്ലാ
ജനങ്ങളോടും പറയുക.'

ആ മനുഷ്യൻ എല്ലാ ജനങ്ങളോടും
പറയുന്നത് ഞാൻ കേൾക്കുന്നു,


'ദുരാത്മാക്കളോട് എന്നിൽനിന്നും
പുറത്തുപോകുവാൻ യേശു പറഞ്ഞു.

ദുരാത്മാക്കൾ എന്നിൽനിന്നും
പുറത്തു വന്നു.

യേശു എന്നെ സ്വതന്ത്രനാക്കി.'









യേശു ലോകത്തിന്റെ
വെളിച്ചമാകുന്നു.

ഇരുട്ടിനെ പുറത്താക്കുവാനുള്ള
ശക്തി യേശുവിനുമാത്രമേയുള്ളൂ.

സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!

# യേശു രക്ഷിക്കുന്നു

സമയം കടന്നുപോയി.

ഈ രാത്രി അന്ധകാരം നിറഞ്ഞതാണ്...
അതു വളരെ, വളരെ, വളരെ,
അന്ധകാരം നിറഞ്ഞതാണ്.





യേശു തന്റെ ശിഷ്യന്മാരോടു
പറയുന്നതു ഞാൻ കേൾക്കുന്നു,


'നിങ്ങൾ ചെയ്ത എല്ലാ
തിന്മകൾക്കുമായി എന്റെ
ജീവിതം രക്തബലിയായി
അർപ്പിക്കുവാനുള്ള സമയമായി.

ഞാൻ നിങ്ങളുടെ ശിക്ഷ വഹിക്കാം.
ഞാൻ ഇരുട്ടിനെ പുറത്താക്കും.

ഞാൻ നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും വീണ്ടെടുക്കും.'

സമയം കടന്നുപോയി.

പടയാളികൾ യേശുവിനെ
ഒരു കുരുശോടു ചേർത്തു
ആണിതറയ്ക്കുന്നതു ഞാൻ കാണുന്നു.








യേശുവിന്റെ രക്തം നിലത്ത്
വീഴുന്നത്...വീഴുന്നത്...വീഴുന്നത്...
ഞാൻ കാണുന്നു.

യേശു ഒരു കുരിശിൽ
തൂങ്ങിക്കിടക്കുന്നതു ഞാൻ കാണുന്നു.


യേശു പറയുന്നതു ഞാൻ കേൾക്കുന്നു,

‘എങ്കിലും ഞാൻ നിന്നെ
സ്നേഹിക്കുന്നു!
ഞാൻ നിന്നെ വീണ്ടെടുക്കും’

നീ എന്നെ കണ്ടെത്തും. ഞാൻ
നിക്കു മാപ്പു തരുന്നു. നിനക്ക് എന്റെ
ജീവൻ തരുന്നു.’








യേശു മരിച്ചതു ഞാൻ കാണുന്നു.


ഈ രാത്രി അന്ധകാരം നിറഞ്ഞത്...
അത്ര വളരെ, വളരെ, വളരെ
അന്ധകാരം നിറഞ്ഞതാണ്.

യേശുവിന്റെ ശിഷ്യന്മാർ ഒരു
കല്ലറയിലേക്കു യേശുവിന്റെ ശവശരീരം
കൊണ്ടു പോകുന്നതു ഞാൻ കാണുന്നു.

യേശു അടക്കപ്പെട്ടു.







സമയം കടന്നുപോയി.

യേശുവിന്റെ കല്ലറ ഒഴിഞ്ഞുകിടക്കുന്നതു
ഞാൻ കാണുന്നു!

യേശുവിന്റെ ശരീരം എവിടെ?






ഒരു നല്ല ആത്മാവ് യേശുവിന്റെ
ശിഷ്യന്മാരോടു പറയുന്നതു
ഞാൻ കേൾക്കുന്നു,

'യേശു എന്നുമെന്നേയ്ക്കും
ജീവിക്കുന്നു!'

യേശുവിനെ ഞാൻ കാണുന്നു.
അവൻ ജീവിക്കുന്നു.





യേശു തന്റെ ശിഷ്യന്മാരോടു
പറയുന്നതു ഞാൻ കേൾക്കുന്നു,

‘എല്ലാ വംശങ്ങളോടും,
എല്ലായിടത്തുമുള്ള എല്ലാ
ജനങ്ങളോടും ഈ
സദ്വർത്തമാനം പറയുക!

ഞാൻ നിന്നെ സ്നേഹിക്കുന്നു.
ഞാൻ മരിച്ചു, എങ്കിലും
നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും രക്ഷിക്കാൻ
ഞാൻ ജീവിക്കുന്നു.’

യേശു മുകളിലേക്ക്... മുകലേക്ക്...
മുകലേക്ക്...ആകാശത്തിലേക്ക്
പോകുന്നത് ഞാൻ കാണുന്നു.





# യേശു ജീവിക്കുന്നു

വളരെ വർഷങ്ങൾ കഴിഞ്ഞു.

ഞാൻ ഒരു മനുഷ്യനെ കാണുന്നു.

അദ്ദേഹത്തിന്റെ പേര് യോഹന്നാൻ.

യോഹന്നാൻ പറയുന്നതു
ഞാൻ കേൾക്കുന്നു,

'അങ്ങു മുകളിൽ ആകാശത്തിൽ
യേശുവിനെ  ഞാൻ കാണുന്നു.
അവന്റെ കണ്ണുകൾ തീ പോലെയാണ്!'







യേശു ഒരു വെള്ളക്കുതിരപ്പുറത്തു
വരുന്നതു ഞാൻ കാണുന്നു.

ദൈവവചനം എന്നാണ്
അവന്റെ പേര്.

യേശുവിന്റെ മേലങ്കിയിൽ ഈ
വാക്കുകൾ എഴുതിയിരിക്കുന്നതു
ഞാൻ കാണുന്നു, രാജാധി രാജനും
ദേവാധി ദേവനും.

എല്ലാ വംശത്തിലുള്ള ജനങ്ങളും
യേശുവിനു പാടുന്നതു
ഞാൻ കാണുന്നു.

എല്ലാ ആത്മാക്കളും യേശുവിനു
പാടുന്നതു ഞാൻ കാണുന്നു.

സർവ്വതും യേശുവിനു പാടുന്നതു
ഞാൻ കാണുന്നു.







സ്രഷ്ടാവാം ദൈവം പറയുന്നതു
ഞാൻ കേൾക്കുന്നു,

'എന്റെ ജനത്തെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും രക്ഷിച്ചിരിക്കുന്നു.

മരണമില്ല. കണ്ണുനീരില്ല.

ദുഃഖമില്ല. വേദനയില്ല.

ഞാൻ എല്ലാം
പുതിയതാക്കിയിരിക്കുന്നു.'

യേശു പറയുന്നതു ഞാൻ കേൾക്കുന്നു,

'നോക്കൂ, ഞാൻ വേഗം തിരിച്ചു വരും.

ഞാൻ നിത്യനാണ്.

ഞാൻ യേശുവാണ്. ഞാൻ
നിന്നെ സ്നേഹിക്കുന്നു.

നിന്നെ എന്നും എന്നെയ്ക്കും
ഞാൻ രക്ഷിച്ചിരിക്കുന്നു.'

